**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1564** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കായിക വകുപ്പിന്റെ വിവിധ പദ്ധതികളും സ്റ്റേഡിയം നിർമ്മാണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായിക വകുപ്പിന് കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കായിക വകുപ്പിന് കീഴിൽ 2025-26-ൽ സംസ്ഥാനത്ത് നടപ്പിലാക്കി തുടർന്നു വരുന്ന പ്രധാനപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി ഓരോ പ്രവൃത്തിക്കും പരമാവധി അനുവദിക്കാവുന്ന തുക എത്രയാണെന്നും പ്രസ്തുത തുക അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

**<u>മറുപടി:</u>** സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി ഓരോ പ്രവൃത്തിക്കും പരമാവധി അനുവദിക്കാവുന്ന തുക എത്രയാണെന്ന് നിശ്ചയിച്ചിട്ടില്ല. എന്നാൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ പരമാവധി ചെലവാക്കുന്ന തുക ഒരു കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത ഫണ്ട് (പരമാവധി 50 ലക്ഷം രൂപ) എന്നിവയിൽ നിന്നുമാണ് വകയിരുത്തുന്നത്.

**സെക്ഷൻ ഓഫീസർ**